(എ) കോഴിക്കോട് ജില്ലയിലെ കാപ്പാട്, തിരുവങ്ങൂർ, അത്തോളി, തിരുവമ്പാടി വഴി വയനാട്ടിലേക്ക് ഒരു സ്റ്റേറ്റ് ഹൈവേ ഉണ്ടാക്കാൻ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഈ റോഡിന്റെ ഇൻവെസ്റ്റിഗേഷനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) കോഴിക്കോട് ജില്ലയിൽ വരുന്ന കാപ്പാട്, അത്തോളി, ചീക്കിലോട്, നൻമണ്ട, കൊടുവള്ളി, ഓമശ്ശേരി, ഓടാഞ്ചേരി, പുലിക്കയം, ചെമ്പുകടവ്, തുഷാരഗിരി, വട്ടച്ചിറ, നൂറാൻതോട്, അടിവാരം എന്നീ സ്ഥലങ്ങളിലൂടെ കടന്നു പോകുന്ന റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) കാപ്പാട് തുഷാരഗിരി റോഡിനു വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. മൊത്തം 67 കി. മീ. ദൈർഘ്യമുള്ള റോഡിനുവേണ്ടി 36 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ടൂറിസം വികസന പദ്ധതിയിൽ പ്രസ്തുത റോഡ് മൊത്തമായോ ഏതെങ്കിലും ഒരു ഭാഗമോ ഉൾപ്പെടുത്തി പണി ഏറ്റെടുക്കാനാവുമോ എന്ന് ശ്രമിച്ചു വരികയാണ്.

നൂറാടിപ്പാലം

44 [2347] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നൂറാടിപ്പാലം തകർന്നതിനെത്തുടർന്ന് പുതിയ പാലം പണിയുന്നതിന് സ്വീകരിച്ച നടപടിയും പാലം പുതുക്കിപ്പണിയുന്നതിന് ചെലവായ തുകയും സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്താമോ;

(ബി) പാലം തകർന്ന സാഹചര്യത്തിൽ പുതിയ പാലം പണി തീരുന്നതുവരെയുള്ള കാലയളവിൽ ഏർപ്പെടുത്തിയിരുന്ന ഗതാഗത സംവിധാനങ്ങൾ വിശദീകരിക്കുമോ;

(സി) താൽക്കാലിക സംവിധാനത്തിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നൂറാടിപ്പാലം തകർന്നതിനെത്തുടർന്ന് പാലം അടിയന്തിരമായി പുതുക്കിപ്പണിതു. റോഡു പ്രവൃത്തി പൂർത്തീകരിക്കാൻവേണ്ട അടിയന്തിര നടപടികളും സ്വീകരിച്ചു വരുന്നു. ഇതുവരെ 381.76 ലക്ഷം രൂപ ചെലവായി.

(ബി) പാലം തകർന്ന സാഹചര്യത്തിൽ വാഹന ഗതാഗതത്തിനായി താൽക്കാലിക ഡൈവേർഷൻ റോഡ് നിർമ്മിക്കുകയും കാൽനട യാത്രക്കാർക്കായി തൂക്കുപാലം നിർമ്മിക്കുകയും ചെയ്തു.

(സി) താൽക്കാലിക സംവിധാനത്തിനുവേണ്ടി ഇതുവരെ 69.97 ലക്ഷം രൂപ ചെലവഴിച്ചു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly